LIBRARY ARCHIVES Kerala Legislative Assembly

നിർഭയ പദ്ധതി

312(1691) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതിപ്രകാരം നിർമ്മിക്കപ്പെട്ട ഏതെങ്കിലും കെട്ടിടം ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ ധനാഗമ മാർഗ്ഗത്തിനായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും, സ്ത്രീസുരക്ഷാകേന്ദ്രമായും മാത്രമേ പ്രവർത്തിപ്പിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) നിർഭയ കേന്ദ്രങ്ങളുടെ നടത്തിപ്പിനായി സമാന ചിന്താഗതിയുള്ള സന്നദ്ധ സംഘങ്ങളും സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രസ്തുത പദ്ധതി ജനകീയമാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ നിർഭയ ഷെൽട്ടർ ഹോമുകൾ സർക്കാർ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്. നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ജില്ലാതല നിർഭയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടെയുള്ള ജില്ലാതല നിർഭയ കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും ഉൾപ്പെടെയുള്ള സംവിധാനമാണ് ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതും വിലയിരുത്തുന്നതും.

അതിജീവന ധനസഹായം

313(1692) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബനാഥന്റെ/കുടുംബനാഥയുടെ അകാല ദേഹവിയോഗം, സ്ഥായിയായ അംഗവൈകല്യം എന്നിവമൂലം അശരണരാകുന്നവരുടെ കുടുംബത്തിന് പ്രതിമാസം 2,000 രൂപ അതിജീവന ധനസഹായം നൽകുന്ന ഒരു സാമൂഹ്യക്ഷേമ പദ്ധതിക്ക് തുടക്കം കുറിക്കുമെന്ന 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;